ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതികൾ

142 [1975] *ശ്രീ. കെ. എൻ. എ. ഖാദർ:*

,, *സി. മോയിൻകുട്ടി:*

,, *പി. കെ. അബ്ദുറബ്ബ്:*

,, *സി. മമ്മൂട്ടി:*

,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇതിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഗ്രാമവികസന വകുപ്പ് മുഖേന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായുള്ള സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയും (എസ്. ജി. എസ്. വൈ.) ഗ്രാമപ്രദേശങ്ങളിലെ ആളുകൾക്ക് കൂലിത്തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയായ സമ്പൂർണ്ണ ഗ്രാമീൺറോസ്ഗാർ യോജനയും (എസ്. ജി. ആർ. വൈ.) ഇപ്പോൾ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. കൂടാതെ അധിക കൂലിത്തൊഴിലും ഭക്ഷ്യ സുരക്ഷിതത്വവും ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാമും (എൻ.എഫ്.ഡബ്ല്യു.പി.) ഇപ്പോൾ വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു.

(ബി) എസ്. ജി. എസ്. വൈ. പദ്ധതിയിലൂടെ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പയും സബ്സിഡിയും ലഭ്യമാക്കിവരുന്നു. ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കുന്നത്. എസ്. ജി. ആർ. വൈ. പദ്ധതിയിലൂടെ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കിവരുന്നു. ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാമിൽ ജല സംരക്ഷണം, വരൾച്ചാ പ്രതിരോധം, ഭൂമി വികസനം തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. ജില്ലാ കളക്ടർക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല.

LIBRARY ARCHIVES Kerala Legislative Assembly